(ബി) വരൾച്ച മൂലമുണ്ടായ കൃഷിനാശം നിവാരണത്തിനായി 106 കോടി രൂപ അനുവദിക്കുമെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ഇതിൽ 53 കോടി രൂപ 2005 മാർച്ച് മാസം അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) വരൾച്ച മൂലമുണ്ടായ നാശനഷ്ടം നികത്തുന്നതിനും കർഷക പുനരധിവാസത്തിനുമായി 3847 കോടി രൂപയുടെ സഹായമാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടത്.

(ഡി) വരൾച്ച മൂലമുള്ള കൃഷിനാശത്തിന് 2003-04 സാമ്പത്തിക വർഷം 21.44 കോടി രൂപയും, 2004-05 വർഷം ഇതുവരെ 56.70 കോടി രൂപയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

കെട്ടിടങ്ങൾക്കുള്ള ആഡംബര നികുതി

2 [2891] **ശ്രീ. പി. സി. ജോർജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ചതുരശ്ര അടിവരെയുള്ള വാസഗൃഹങ്ങൾക്കാണ് ആഡംബര നികുതി ചുമത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ആഡംബര നികുതി ചുമത്തുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ;

(സി) സാധാരണക്കാരായ ജനങ്ങളുടെ വാസഗൃഹ പരിധി എത്ര ചതുരശ്ര അടിയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) 3000 ചതുരശ്ര അടിവരെയുള്ള വാസഗൃഹങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇല്ലെങ്കിൽ ഇവർക്ക് കുറഞ്ഞ നിരക്കിൽ ഏർപ്പെടുത്തുമോ?

ഉത്തരം

(എ) 3000 ചതുരശ്ര അടി (278.7 ച. മീ.)-ക്ക് മുകളിൽ പ്ലിന്ത് ഏരിയ വരുന്ന വാസഗൃഹങ്ങൾക്കാണ് ആഡംബര നികുതി ഈടാക്കുന്നത്.

(ബി) 1-4-1999-നു ശേഷം നിർമ്മാണം പൂർത്തിയായിട്ടുള്ള 278.7 ചതുരശ്ര മീറ്ററിനു മുകളിൽ പ്ലിന്ത് ഏരിയ വരുന്ന വാസഗൃഹങ്ങൾക്ക് 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 എ പ്രകാരമാണ് ആഡംബര നികുതി ചുമത്തുന്നത്.

(സി) കേരള കെട്ടിട നികുതി നിയമം 1976 പ്രകാരം പരിധികൾ ഒന്നും തന്നെ നിശ്ചയിച്ചിട്ടില്ല.

(ഡി ആന്റ് ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly